# RANJAN ELAVALLY

DHARUSILPI

## CONTACT

+91-9446937554

hello@reallygreatsite.com

Puthamkulam House Elavally PO Thrissur 680511

## SKILLS

Wood Carving

Cement Works

Carving on Black Stone

Mural Painting

Vastu Drawing

Planning

Engineering works

## EDUCATION

**SSLC -** 1988
**ST FRANCIS HS MATTOM**

## AWARDS

Gold chain from kanadimadam temple
Gold medal from palayur church

## PROFILE

RANJAN ELAVALLY, born in 1972, is the son of the esteemed National Award winner Elavally Narayanachari and Parukutty. He immersed himself in the world of sculpture, guided by his father, and successfully completed his studies in craft in the year 1988. Demonstrating his skills, Ranjan contributed to the adornment of numerous temples, churches, and monumental contemporary works, showcasing a profound talent inherited from a family deeply rooted in the artistry of sculpting..

## MAJOR WORKS

- Thiruthikad deshakuthira thala
- edapal perumparambu siva temple
- chennai velachery temple - gopuravathil dasavatharam
- peruvallur kottakurumba temple - ashtalakshmi door
- palayur church - main door
- thiruvalla kozhanchery church - sculpture of mathavu
- chittattukara church - sculpture of sebastianose
- anjoor church - wooden carving of last supper
- kottappady church - crucifix sculpture
- chovannur church - crucifix sculpture
- chittilappilly church - wooden sculptures
- sri sri ravisankar asram- koothambalam, naalukett, ettukettu
- cheloorkunnu ayyappaswami temple - gopuravathil ayyappacharitham
- kanadi madam tharavadu temple - navagraha silpam
- kanadikkavu temple construction , ashtadwikpalakar dhashavathara sculptures
- kolkata guruvayurappan temple - wooden sculptures of kiratham story
- mannuthy kodungallurkkavu temple - ashtalakshmi door
- irinjalakkuda thazhekkadu church - wooden sculpture of muthappan
- gift of manalur constituency in navakeralasabha - wooden sculpture of our chief minister sri pinarayi vijayan
- kakkassery vailykkulangara bagavathy temple - gopuram, cement art works
- gujarath silvasa ayyappa temple doors ( 17 age )
- thrissur poothol achankulangara mahadeva temple - nadappura cement art works
- ottappalam aramana bar cement art works
- ottappalam bagavathy temple main door
- guruvayur temple wood carving works
- mammiyur temple wood carvng works
- bombay mattunka cheruguruvayur temple
- muskat albusthan palace , salala palace wooden art works
- kuwait bida palace indian style wooden art works
- kattoor church main door
- pavaratty thathakulangara temple mural works
- peringottukara velakkatt temple mural works
- elavally chovvakshetra temple mural works
- parakkad sndp - sculpture of narayanaguru in cement
- budha sculpture in cement to a house in elavally
- elavally school kalakshetra work



Wooden sculptures of kiratham story -
Kolkata guruvayurappan temple









Peringottukara kanadikkavu temple
ceiling - Dasavatharam




Mannuthy kodungallurkkavu temple main door - Ashtalakshmi





Cheloorkunnu ayyappa temple main door - Ayyappacharitham



Madras velachery temple main door - Dasavatharam

## പാലയൂർ പള്ളിയിൽ സ്നേഹത്തിന്റെ സ്വർഗകവാടം തുറന്നു



പാലയൂർ സെന്റ് തോമസ് ഫൊറോന പള്ളിയിൽ സ്ഥാപിച്ച ആനവാതിൽ.

ചാവക്കാട്: മഹാജൂബിലിയുടെ ഭാഗമായി പാലയൂർ സെന്റ് തോമസ് ഫൊറോന പള്ളിയിൽ ആനവാതിൽ സ്ഥാപിച്ചു.

പള്ളിയുടെ പ്രധാന കവാടത്തിലാണ് ഒൻപത് അടി നീളവും എട്ട് അടി വീതിയും 500 കിലോ തൂക്കവും വരുന്ന കൂറ്റൻ വാതിൽ തേക്കിൽ നിർമിച്ചാണ് സ്ഥാപിച്ചത്. ലക്ഷത്തോളം രൂപ ചെലവ് വന്നു.

ക്രിസ്തുവിന്റെ ജീവിതവുമായി ബന്ധപ്പെടുന്ന ആറ് സംഭവങ്ങൾ വാതിലിൽ ചിത്രീകരിച്ചിട്ടുണ്ട്.

സ്നേഹത്തിലൂടെ സ്വർഗത്തിലേക്ക് എന്ന ആശയം ഉൾക്കൊള്ളുന്ന പരിശുദ്ധ ത്രിത്വം, യേശുവിന്റെ പിറവി, യേശുവിന്റെ മാമ്മോദീസ, യേശു ശിഷ്യരെ വിളിക്കുന്നു, കുർബാന, യേശുവിന്റെ സ്വർഗാരോഹണം എന്നിവയാണ് ചിത്രീകരിച്ചിട്ടുള്ളത്.

വേദപാഠത്തിനായി 1928-ൽ സഭ പുറത്തിറക്കിയ പുസ്തകത്തെ ആധാരമാക്കി [illegible] ആനവാതിലിന് രൂപം നൽകിയത്. എളവള്ളി രഞ്ജൻ, പാലുവായ് വൽസൻ എന്നിവരാണ് ശില്പികൾ.

വാതിലിന്റെ ആശീർവാദം ഫാ. അഗസ്റ്റിൻ അക്കര, ഫാ. ജോബി പുള്ളിക്കാടൻ എന്നിവർ ചേർന്ന് നടത്തി.

## ക്ഷേത്രവാതിലിന്റെ ശില്പചാതുരി കാണികൾക്ക് കൗതുകം



തൃശൂർ: ശിവ ഭാവങ്ങളുടെ അപൂർവതകൾ കൊത്തിയെടുത്ത വാതിൽ കാണികൾക്ക് കൗതുകമാവുന്നു. എടപ്പാൾ പെരുമ്പറമ്പ് മഹാദേവ ക്ഷേത്രത്തിന്റെ മുഖമണ്ഡപത്തിൽ സ്ഥാപിച്ച പുതിയ വാതിലിൻമേലാണ് എളവള്ളി രഞ്ജൻ എന്ന ശില്പിയുടെ കരവിരുത് മികവു ചാർത്തുന്നത്.

പ്ലാവിന്റെ ഒറ്റ പലകയിൽ തീർത്ത വാതിലിൽ ശക്തി പഞ്ചാക്ഷരി, അഘോരമൂർത്തി, ശങ്കരനാരായണൻ, ശിവമോഹിനി, ശിവതാണ്ഡവം, പാശുപതാസ്ത്ര ചടങ്ങ്, അർധനാരീശ്വരൻ, ദക്ഷിണാമൂർത്തി എന്നീ രൂപങ്ങളാണ് കൊത്തിയെടുത്തിരിക്കുന്നത്. അറുപതിനായിരത്തോളം രൂപ വാതിലിന് ചെലവു വന്നിട്ടുണ്ട്.

ദേശീയ പുരസ്കാരം ലഭിച്ച എളവള്ളി നാരായണൻ ആചാരിയുടെ മകനാണ് രഞ്ജൻ (28). പാലയൂർ പള്ളിക്കുവേണ്ടി [illegible] വിവിധ ഭാവങ്ങൾ തീർത്ത വാതിലും രഞ്ജൻ ഇതിനു മുമ്പ് നിർമിച്ചിട്ടുണ്ട്.

## പെരുമ്പറമ്പ് മഹേശ്വര ക്ഷേത്രത്തിൽ വാതിൽ സമർപ്പിച്ചു

എടപ്പാൾ: പെരുമ്പറമ്പ് ശിവക്ഷേത്രത്തിൽ ധ്യാന ശ്ലോക വിധിപ്രകാരം നിർമിച്ച അതിമനോഹരമായ വാതിൽ സമർപ്പിച്ചു.

ക്ഷേത്ര ശ്രീകോവിലിന് മുന്നിലായി ചുറ്റമ്പലത്തിന്റെ പ്രധാന കവാടമാണ് പരിപൂർണമായി പ്ലാവു കൊണ്ട് നിർമിച്ച് ഒരു ഭക്തന്റെ വകയായി സമർപ്പിച്ചത്.

അഞ്ചടിവീതിയും ഒമ്പതര അടി ഉയരവും രണ്ടിഞ്ച് കനവുമുള്ള വാതിലിൽ ചിന്താമണി, അഘോരൻ, അനാഹിതചക്രശിവൻ, ദക്ഷിണാമൂർത്തി, മൃത്യുഞ്ജയൻ, ത്വരിത രുദ്രൻ എന്നീ ഭാവങ്ങളാം അതിമനോഹരമായി കൊത്തിവെച്ചിരിക്കുന്നു. സൂത്രപ്പട്ടികയിൽ ഗണപതി, ലക്ഷ്മി എന്നിവരുടെ രൂപങ്ങളുമുണ്ട്.

തുയ്യത്തെ പാലേക്കാട്ട് മുകുന്ദന്റെ വകയായാണ് ഒന്നരലക്ഷം രൂപ ചെലവിൽ വാതിൽ സ്ഥാപിച്ചത്. ഗുരുവായൂരിലെ ദാരുശില്പ പഠനകേന്ദ്രത്തിലെ ശില്പി രഞ്ജന്റെ നേതൃത്വത്തിൽ ഒമ്പതോളം കലാകാരന്മാർ ഒന്നരമാസം കൊണ്ടാണ് വാതിൽ പണിതത്. ക്ഷേത്രത്തിന്റെ മറ്റു മൂന്ന് വശങ്ങളിലേക്കുള്ള വാതിലുകളും പണിപ്പുരയിലാണ്. വാതിൽ സമർപ്പണച്ചടങ്ങിൽ മേൽശാന്തി പി.എം. മനോജ് എമ്പ്രാന്തിരി, ക്ഷേത്രം ചെയർമാൻ കെ.കെ. നാരായണക്കുറുപ്പ്, കെ.എം. പരമേശ്വരൻ നമ്പൂതിരി, കെ.പി. ശിവശങ്കരമേനോൻ, പാലേക്കാട്ട് മുകുന്ദൻ, ബാലൻ തുയ്യം, കെ. വിനോദ് എന്നിവർ പങ്കെടുത്തു



വാതിൽ സമർപ്പണച്ചടങ്ങ്

## കാക്കശ്ശേരി തപ്പറമ്പ് ക്ഷേത്രകവാടം ഉദ്ഘാടനം നാളെ

പാവറട്ടി: കാക്കശ്ശേരി വൈലിക്കുളങ്ങര ശ്രീഭഗവതിക്ഷേത്രത്തിന്റെ പടിഞ്ഞാറെ നട കവാടത്തിന്റെ ഉദ്ഘാടനം ഞായറാഴ്ച നടക്കും. ക്ഷേത്രം ട്രസ്റ്റി പ്രസിഡണ്ട് സി. ബാലകൃഷ്ണന്റെ അധ്യക്ഷതയിൽ ചേരുന്ന ചടങ്ങിൽ കവി കുഞ്ഞുണ്ണി ഉദ്ഘാടനം ചെയ്യും. ദേശീയ അവാർഡ് നേടിയ എളവള്ളി നാരായണൻ ആചാരിയുടെ മകൻ രഞ്ജന്റെ നേതൃത്വത്തിൽ കൊത്തുപണി ചെയ്ത കവാടം കാക്കശ്ശേരി പാണ്ടിയത്ത് വാസുവിന്റെ സ്മരണയ്ക്ക് വെസ്റ്റ് സമുദായമാണ് പണി കഴിപ്പിക്കുന്നത്.

## ചിറ്റാട്ടുകര പള്ളിയിലേക്ക് വിശുദ്ധ സെബസ്ത്യാനോസിന്റെ തിരുസ്വരൂപം

ചിറ്റാട്ടുകര • സെന്റ് സെബാസ്റ്റ്യൻസ് പള്ളിയിലേക്കു ഭക്തർക്കു മുത്തിവണങ്ങാനായി വിശുദ്ധ സെബസ്ത്യാനോസിന്റെ ദാരുശിൽപ തിരുസ്വരൂപം ഒരുങ്ങി. കുമിഴ് മരത്തിന്റെ ഒറ്റത്തടിയിൽ ഏഴടി ഉയരത്തിലാണു തിരുസ്വരൂപം കൊത്തിയെടുത്തത്.

വിശുദ്ധനെ മരത്തിൽ കെട്ടിയിട്ട് അമ്പുകളേൽക്കുന്ന രൂപത്തിൽ കിരീടവും അഞ്ചു അമ്പുകളും ഉണ്ട്. രൂപം പള്ളിയിൽ സ്ഥാപിക്കുന്നത് 12 അടി ഉയരത്തിലുള്ള മഹാഗണി മരത്തിൽ നിർമിച്ച പീഠത്തിലാണ്.

പീഠത്തിനു മുകളിൽ തൂണുകളും മേൽപ്പുരയും ഉണ്ട്. മേൽപ്പുരയിൽ പരിശുദ്ധാത്മാവിന്റെ പ്രതീകമായ വെള്ളരിപ്രാവുകളും കാസയും പീലാസയും ഗോതമ്പുമണികളും മുന്തിരിവള്ളികളും അദ്ഭുതങ്ങളുടെ അടയാളമായ അഞ്ചപ്പവും മീനും സ്ഥാനം പിടിച്ചിട്ടുണ്ട്. പ്രമുഖ ദാരുശിൽപി രഞ്ജൻ എളവള്ളിയാണ് വിശുദ്ധന്റെ തിരുസ്വരൂപം കുമിഴ് മരത്തിൽ കൊത്തിയെടുത്തിട്ടുള്ളത്. രഞ്ജന്റെ പിതാവും പ്രമുഖ ദാരുശിൽപിയുമായ എളവള്ളി നാരായണനാചാരിയും പൂർവികരും നൂറ്റാണ്ടുകൾ പഴക്കമുള്ള ദേവാലയത്തിന്റെ നിർമാണവുമായി ബന്ധപ്പെട്ടു ചിറ്റാട്ടുകരയിലെത്തിയിരുന്നു. ചിത്രകലാ അധ്യാപകൻ ബെന്നി കെ. പോളാണ് തിരുസ്വരൂപത്തിനു വർണഭംഗി നൽകിയിട്ടുള്ളത്. ചിറ്റാട്ടുകര ക്രിസ്ത്യൻ പ്രവാസി അസോസിയേഷൻ ഭാരവാഹി ജീവൻ ജോയിയാണ് പള്ളിയിലേക്കു രൂപം നൽകുന്നത്. പള്ളിയുടെ പ്രധാന ഹാളിൽ മദ്ബഹയോടു ചേർന്നു തെക്കെ ചുമരിലാണു വിശുദ്ധന്റെ തിരുസ്വരൂപം പ്രതിഷ്ഠിക്കുന്നത്. ഇതിനായി ശിൽപി ജേക്കബ് ചെമ്മണ്ണൂരിന്റെ നേതൃത്വത്തിൽ ചുമർചിത്രങ്ങളൊരുങ്ങി.

ചുമർചിത്രവും രൂപക്കൂടും 12 ഇടവക അംഗങ്ങൾ ചേർന്നാണു വഴിപാടായി നൽകുന്നത്. ഇന്നു രാവിലെ ആറിനു ബിഷപ് മാർ ടോണി നീലങ്കാവിൽ രൂപം ആശീർവദിച്ചു പ്രതിഷ്ഠ നടത്തും.



ചിറ്റാട്ടുകര സെന്റ് സെബാസ്റ്റ്യൻസ് പള്ളിയിൽ ഇന്ന് പ്രതിഷ്ഠിക്കുന്ന വിശുദ്ധ സെബസ്ത്യാനോസിന്റെ ദാരുശിൽപ തിരുസ്വരൂപം. ദാരുശിൽപി രഞ്ജൻ എളവള്ളി അവസാന മിനുക്കുപണി നടത്തുന്നു.

# സിൽവാസയിൽ നവഗ്രഹക്ഷേത്രത്തിൽ പ്രതിഷ്ഠാകർമ്മം

ഉമർഗാവ്: കേന്ദ്രഭരണപ്രദേശമായ ദാദ്ര–നഗർഹവേലയിലെ ശ്രീ അയ്യപ്പ സേവാസംഘം, സിൽവാസ ടെലിഫോൺ എക്സ്ചേഞ്ചിന് പിൻവശത്ത് പുതുതായി നിർമ്മിച്ച ക്ഷേത്ര സമുച്ചയത്തിലെ നവഗ്രഹ പ്രതിഷ്ഠാകർമ്മങ്ങൾ ഏപ്രിൽ 13ന് വെള്ളിയാഴ്ച മൂലം രാശിയിൽ രാവിലെ 6.35നും ഏഴിനും ഇടയ്ക്കുള്ള ശുഭമുഹൂർത്തത്തിൽ നടത്തും. തന്ത്രി മുഖ്യൻ ചെറുകുട്ടമന സി.എൻ. ശങ്കരൻ നമ്പൂതിരിയാണ് പ്രതിഷ്ഠാകർമ്മങ്ങൾക്ക് നേതൃത്വം നൽകുന്നത്.

ശ്രീ അയ്യപ്പന്റെയും ഗണപതിയുടെയും സരസ്വതിയുടെയും ക്ഷേത്രങ്ങൾക്ക് ഇക്കഴിഞ്ഞ ഫെബ്രുവരിയിലാണ് പ്രതിഷ്ഠ നടത്തിയത്. ഒരു സ്ഥലത്തു തന്നെ ഒമ്പത് വിഗ്രഹങ്ങളെ പ്രതിഷ്ഠിക്കുന്ന ഇവിടെ കൂടുതൽ ഭക്തജനത്തിരക്ക് പ്രതീക്ഷിക്കുന്നതായി സെക്രട്ടറി ആർ. രാമകൃഷ്ണപിള്ള പറഞ്ഞു. ഇതോടൊപ്പം ചുറ്റമ്പലത്തിന്റെ പണികളും പൂർത്തിയാക്കി ഭക്തജനങ്ങൾക്കായി തുറന്നുകൊടുക്കും. ചുറ്റമ്പലത്തിന്റെ പ്രധാന രണ്ട് വാതിലുകളും കേരളത്തിൽ നിന്ന് കൊണ്ടുവന്നു കഴിഞ്ഞു. ഇതോടൊപ്പം മൂന്ന് ക്ഷേത്രവാതിലുകളും മാറ്റി സ്ഥാപിക്കും. ഗുരുവായൂർ സ്വദേശിയായ പി.എൻ. രഞ്ജനാണ് കൊത്തുപണികളോടുകൂടിയ വാതിലുകൾ നിർമ്മിക്കുന്നതിന് നേതൃത്വം നൽകിയത്. രണ്ടുലക്ഷം രൂപ വില കണക്കാക്കുന്ന വാതിലുകൾ സ്ഥാപിക്കുന്നതിനും ചുറ്റമ്പലത്തിലെ തൂണുകളിൽ ചിത്രവേലകൾ ചെയ്യുന്നതിനുമായി ഇദ്ദേഹത്തിന്റെ നേതൃത്വത്തിലുള്ള ഒരു സംഘം കേരളത്തിൽനിന്ന് വന്നിട്ടുണ്ട്. ചുറ്റമ്പലത്തിന് മാത്രം ഏഴുലക്ഷത്തോളം രൂപ ചെലവ് വന്നിട്ടുണ്ട്. ചുറ്റമ്പലത്തിന്റെ തറയിൽ മാർബിൾ ഇടുന്ന പണികളും പൂർത്തിയായി. 13ന് നവഗ്രഹപ്രതിഷ്ഠയോടെ ഒരു വർഷമായി നടന്നുവരുന്ന എല്ലാ നിർമ്മാണപ്രവർത്തനങ്ങളും പൂർത്തിയാകും. 30 ലക്ഷം രൂപയോളം ഈ ക്ഷേത്രസമുച്ചയത്തിനായി ചെലവ് ചെയ്തുകഴിഞ്ഞു.

ക്ഷേത്രത്തിലെ നിത്യപൂജയ്ക്കായി രണ്ട് പൂജാരികളെ കേരളത്തിൽനിന്ന് കൊണ്ടുവന്ന് നിയമിച്ചിട്ടുണ്ട്. കൂടാതെ ഒരു കഴകക്കാരനേയും ക്ഷേത്രകാര്യങ്ങൾ നോക്കുന്നതിനായി നിയമിച്ചു.

അറിയപ്പെടുന്ന ടൂറിസ്റ്റ് കേന്ദ്രമായ സിൽവാസയിൽനിന്ന് കൻവേൽ ഡാമിലേക്ക് പോകുന്ന വഴിയിലുള്ള ഈ ക്ഷേത്രവും ക്ഷേത്രപരിസരവും തീർത്തും കേരളീയ അന്തരീക്ഷത്തിലുള്ളതാണ്. ചുരുങ്ങിയ സമയംകൊണ്ടു തന്നെ ഇവിടെ ഭക്തജനത്തിരക്ക് അനുഭവപ്പെട്ടുവരുന്നതായി സെക്രട്ടറി പറഞ്ഞു. വിഷുദിനത്തിൽ പ്രത്യേക പൂജാപരിപാടികൾ ഉണ്ടായിരിക്കുമെന്നും



പെരുവല്ലൂർ കോട്ടുകുറുമ്പ ഭഗവതി ക്ഷേത്രത്തിൽ ഒരു ഭക്തന്റെ വഴിപാടായി ചിങ്ങം ഒന്നിന് സമർപ്പിക്കുന്ന അഷ്ടലക്ഷ്മി കൊത്തിയ അലങ്കാര വാതിൽ

## കോട്ടുകുറുമ്പ ക്ഷേത്രത്തിൽ അഷ്ടലക്ഷ്മി അലങ്കാരവാതിൽ

പാവറട്ടി: പെരുവല്ലൂർ ശ്രീ കോട്ടുകുറുമ്പ ഭഗവതിക്ഷേത്രത്തിലെ ചുറ്റമ്പലത്തിൽ സമർപ്പിക്കുന്നതിനായി അലങ്കാരങ്ങളോടുകൂടിയ അഷ്ടലക്ഷ്മികൊത്തിയ വാതിൽ തയ്യാറായി. ചിങ്ങം ഒന്നായ ബുധനാഴ്ച വാതിലിന്റെ സമർപ്പണച്ചടങ്ങ് നടക്കും.

മലേഷ്യയിൽ എഞ്ചിനീയറായ കണ്ണൻനായരാണ് ഒരു ലക്ഷം രൂപ ചെലവുവരുന്ന വാതിൽ വഴിപാടായി സമർപ്പിക്കുന്നത്. യശശരീരനായ ദാരുശില്പി എളവള്ളി നാരായണാചാരിയുടെ മകൻ പി.എൻ.രഞ്ജനാണ് അലങ്കാരവാതിലിന്റെ ശില്പി.

പ്ലാവിൻതടിയിൽ നിർമ്മിച്ച വാതിലിന് ഏഴടി ഉയരവും മൂന്നരയടി വീതിയും ഉണ്ട്. വാതിലിന്റെ ഇരുപാളികളിലുമായി ആദിലക്ഷ്മി, വീരലക്ഷ്മി, സന്താനലക്ഷ്മി, ഗജലക്ഷ്മി, ഐശ്വര്യലക്ഷ്മി, ധനലക്ഷ്മി, ധാന്യലക്ഷ്മി, വിജയലക്ഷ്മി എന്നിവയും സൂത്രപ്പട്ടികയിൽ ഗണപതി, സരസ്വതി, കൃഷ്ണൻ, ലക്ഷ്മി എന്നിവയും ശ[illegible]ലിയുടെ കാവിരുതിൽ പൂർത്തിയായി.

ബുധനാഴ്ച രാവിലെ നടക്കുന്ന സമർപ്പണച്ചടങ്ങിൽ ഡോ.സു[illegible]രേഷ്ശർമ്മ, ഡോ.വി.എ.രാമചന്ദ്രൻ, പി.കെ.രാജൻ, കെ.[illegible] നായർ എന്നിവർ സംബന്ധിക്കും.

ചടങ്ങിൽ ശില്പി എളവള്ളി രഞ്ജനെ ആദരിക്കും.

## ശിവഭാവങ്ങളുമായി ക്ഷേത്രകവാടം

എടപ്പാൾ: പരമേശ്വരന്റെ വ്യത്യസ്ത ഭാവങ്ങൾ അതിസൂക്ഷ്മമായി ആവിഷ്കരിച്ച ക്ഷേത്രകവാടം ജനശ്രദ്ധയാകർഷിക്കുന്നു.

എടപ്പാൾ പെരുമ്പറമ്പ് മഹാ



ദേവക്ഷേത്രത്തിന്റെ മുഖമണ്ഡപത്തിലാണ് ശിവന്റെ എട്ട് ഭാവങ്ങളെ ചിത്രീകരിച്ച വാതിൽ സ്ഥാപിച്ചിട്ടുള്ളത്. ഒന്നര അടി വീതിയും അഞ്ചടി ഉയരവുമുള്ള പ്ലാവിൻപലകയിലാണ് ഈ വിസ്മയം കൊത്തിയെടുത്തിട്ടുള്ളത്.

ശക്തി പഞ്ചാക്ഷരി, അഘോരമൂർത്തി, ശങ്കരനാരായണൻ, ശിവമോഹിനി, ശിവതാണ്ഡവം, കിരാതാർജുനീയത്തിൽ പാർത്ഥന് പാശുപതാസ്ത്രം നൽകുന്ന ഭാവം, അർദ്ധനാരീശ്വരൻ, ദക്ഷിണാമൂർത്തി എന്നീ ഭാവങ്ങളാണ് വാതിലിൽ പ്രത്യേകം പ്രത്യേകം കൊത്തിയെടുത്തിട്ടുള്ളത്. കൂടാതെ സൂത്രപ്പട്ടികയിൽ ശിവ-പാർവ്വതി രൂപങ്ങളും ധ്യാ

ജാലകം

നശ്ലോകങ്ങളെ അടിസ്ഥാനമാക്കി രൂപകല്പന ചെയ്തിരിക്കുന്നു.

കേന്ദ്ര ഗവ: ഫെല്ലോഷിപ്പ് കരസ്ഥമാക്കിയ എളവള്ളി നാരായണനാശാരിയുടെ മകൻ എളവള്ളി രഞ്ജനാണ് വാതിൽ നിർമിച്ചത്.

milma
22.10.2000 ലെ വില്പന 23–
ഒന്നാം സമ്മാനം
T 41136879 E
രണ്ടാം സമ്മാനം
T 31854693 E
മൂന്നാം സമ്മാനം
T 36749657 E
നാലാം സമ്മാനം
T 70764860 E
അഞ്ചാം സമ്മാന
T 41182640
BOUNTY
20-9-2000 to 24-10-2000





Chittattukara church - Sculpture of Sebastianose



Thrissur deshakummatty faces



Sculpture of Budhdha



Thazhekkad church - Sculpture of muthappa



വെമ്മേനാട് തത്തകുളങ്ങര ഭഗവതിക്ഷേത്രത്തിലെ ശ്രീകോവിൽ ചുമർചിത്രങ്ങളുടെ നേത്രോന്മീലനം തന്ത്രി താമരപ്പിള്ളി വടക്കേടത്ത് ദാമോദരൻ നമ്പൂതിരി നിർവഹിക്കുന്നു

# തത്തകുളങ്ങര ക്ഷേത്രത്തിലെ ചുമർചിത്രങ്ങൾ മിഴിതുറന്നു

പാവറട്ടി ▸ വെമ്മേനാട് തത്തകുളങ്ങര ഭഗവതിക്ഷേത്രത്തിൽ പുനഃപ്രതിഷ്ഠയുടെ ഭാഗമായി ശ്രീകോവിലിൽ ഒരുക്കിയ ചുമർചിത്രങ്ങളുടെ നേത്രോന്മീലനം ക്ഷേത്രം തന്ത്രി താമരപ്പിള്ളി വടക്കേടത്ത് ദാമോദരൻ നമ്പൂതിരി നിർവഹിച്ചു.

ശ്രീകോവിലിൽ സരസ്വതി, പാർവതി, ഭദ്രകാളി, ദുർഗ, ലക്ഷ്മി, ത്രിപുരസുന്ദരി എന്നീ ചിത്രങ്ങളാണ് ആലേഖനം ചെയ്തത്. വടക്കുംകാവിൽ രണ്ട് ഭദ്രകാളീരൂപങ്ങളുമുണ്ട്.

ദാരുശില്പിയും ചിത്രകാരനുമായ രഞ്ജൻ എളവള്ളി, ഭാര്യ പ്രിയ, മക്കളായ അനുരാഗ്, ശ്രീരാഗ് എന്നിവർ ചേർന്നാണ് ചുമർചിത്രങ്ങൾ ഒരുക്കിയത്. പ്രസിഡന്റ് കെ.കെ. കണ്ണൻ, സെക്രട്ടറി ബാബു മേൽവീട്ടിൽ, ഭാരവാഹികളായ പ്രേമൻ പറക്കാട്ട്, ഷൈമോൻ ചാലകത്ത്, ബാലൻ കടവിൽ എന്നിവർ ചടങ്ങുകൾക്ക് നേതൃത്വം നൽകി. ചൊവ്വ, ബുധൻ ദിവസങ്ങളിലാണ് ക്ഷേത്രത്തിലെ പ്രതിഷ്ഠാകർമങ്ങൾ.

# ഒരേ ചുമരിലെ കുടുംബകല


**ഒരു കുടുംബത്തിലെ നാലുപേർ ചുമർചിത്ര കലയിൽ പ്രതിഭ തെളിയിക്കുന്നു**

പാവറട്ടി • എളവള്ളി രഞ്ജന്റെ വീടിന്റെ ചുമരുകളിൽ തെളിയുന്നത് ഒരു കുടുംബത്തിന്റെ മൊത്തം കലാവാസന. ദാരുശില്പിയായ രഞ്ജനും ഭാര്യ പ്രിയയും മക്കളായ ശ്രീരാഗും അനുരാഗും ചുമർ ചിത്രകലയിൽ മികവുപുലർത്തുന്നു. മരങ്ങളിൽ മനോഹരങ്ങളായ ശില്പങ്ങൾ സൃഷ്ടിക്കുന്ന രഞ്ജൻ സ്വന്തമായി പഠിച്ചെടുത്തതാണു ചുമർചിത്രകല. രഞ്ജന്റെ പിതാവ് എളവള്ളി നാരായണനാചാരിയും ദാരുശില്പി തന്നെ. ചുമർ ചിത്രകലയിലെ ആചാര്യനായ മമ്മിയൂർ കൃഷ്ണൻകുട്ടി നായരും നാരായണനാചാരിയും അടുത്ത സുഹൃത്തുക്കളായിരുന്നു. രഞ്ജനെ ചുമർ ചിത്രകലയിലേക്ക് അടുപ്പിച്ചത് അച്ഛന്റെ ഈ സൗഹൃദം.

ക്ഷേത്രങ്ങളിലും മറ്റും നടക്കുന്ന ചുമർ ചിത്രരചനകൾ നോക്കിനിന്നും ഇതു സംബന്ധിച്ച പുസ്തകങ്ങൾ വായിച്ചു പ്രാവർത്തികമാക്കിയുമാണ് ചുമർ ചിത്രകല സ്വായത്തമാക്കിയത്. ഭാര്യ പ്രിയയ്ക്കും മക്കൾക്കും രഞ്ജൻ ചിത്രകലാ പാഠങ്ങൾ പകർന്നു നൽകി. 5 വർഷം മുൻപാണ് പ്രിയ ചുമർചിത്ര രചന അഭ്യസിക്കാൻ തുടങ്ങിയത്. ഹയർ സെക്കൻഡറി വിദ്യാർഥിയായ ശ്രീരാഗും എട്ടാം ക്ലാസിൽ പഠിക്കുന്ന അനുരാഗും കൂടി ചിത്രരചനയിൽ സജീവമായതോടെ വീടു മൊത്തം നിറക്കൂട്ടുകളായി നിറഞ്ഞു. പ്രകൃതിദത്തമായ നിറക്കൂട്ടുകളൊരുക്കാനുള്ള പ്രയാസം മൂലം അക്രിലിക് പെയിന്റ് ഉപയോഗിച്ചാണ് ക്യാൻവാസിൽ ചിത്രങ്ങൾ മെനഞ്ഞെടുക്കുന്നത്.



ചുമർ ചിത്രകലയിൽ സജീവമായ എളവള്ളി രഞ്ജനും കുടുംബവും.















Elavally chovva bagavathy temple

Elavally thindiyath tharavadu temple





Peringottukara velachery temple







Bangalore sri sri Ravisankar asram -
Koothambalam, nalukettu and
ettukettu







Cheloorkunnu Ayyappa temple -
sculpture of Ayyappacharitham





Peringottukara kanadikkavu temple -
Navagraha sculpture



മണലൂർ മണ്ഡലം നവകേരളസദസ്സിനെത്തിയ മുഖ്യമന്ത്രി പിണറാ
വിജയന് ശില്പം സമ്മാനിക്കുന്ന മുരളി പെരുനെല്ലി എം.എൽ.എ. മന്ത്ര
കെ. രാജൻ സമീപം. ശില്പി രഞ്ജൻ എളവള്ളിയാണ് കുമിൾമരത്തിൽ
മുഖ്യമന്ത്രിയുടെ ശില്പം നിർമിച്ചത്

നവകേരള സദസ്



Peringottukara kanadimadam tharavadu temple - Sculpture of Chathan swami



Palayur church main door

# CERTIFICATE

*This is to certify that Shri/~~Shrimati~~/~~Kum~~* ..........
..........Remjan P.N..........
*has successfully completed an Apprenticeship Training Course in* Temple Wood Carving
*under Mastercraftsperson* Sri P.N. Sankara Narayanan
*at* Guruvayoor Trichur Dt. Kerala..........
*from* 19-8-1988.......... *to* 18.8.1990..........

18/12/90

Regional Director
Office of the
Development Commissioner
for Handicrafts
Government of India.

K. K. SIRANGI.
Director (SR)
Office of the Development Commissioner
(HANDICRAFTS)
GOVT. OF INDIA, MADRAS-600 006.

Mastercraftsperson

Date 25.3.91.

TEMPLE WOOD CARVING TRAINING CENTRE
Date 25-3-91.
GURUVAYUR

---

Kerala Lalitha Kala Akademi
THRISSUR

wood sculptors' camp

THUNCHAN PARAMBU, THIRUR
2005 APRIL 18-24



CERTIFICATE

*This is to certify that*

Mr./~~Mrs.~~ Ranjan P.N, Sculptor

*has participated in the* **Wood Sculptors' Camp**

*organised by Kerala Lalithakala Akademi*

*held at Thirur Thunchanparambu from 18th to 24th April 2005.*

| | | | |
|---|---|---|---|
| Yesudasan<br>CHAIRMAN | R. Gopalakrishnan<br>SECRETARY | Elavally Nandan<br>CONVENOR | K.C. Chtrabhanu<br>CONVENOR |